**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ ക്യൂ കോംപ്ലക്സുകൾ ആധുനികവൽക്കരിക്കാനും റസ്ക്യൂ ബ്രിഡ്ജുകൾ നിർമ്മിക്കാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണ്ഡല മകരവിളക്കുകാലത്തെ തിരക്ക് പരിഗണിച്ച് ശബരിമലയിലെ ക്യൂ കോംപ്ലക്സുകൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (എ) | ശബരിമലയിലെ വർദ്ധിച്ച് വരുന്ന തിരക്ക് പരിഗണിച്ച് ശരംകുത്തി - സന്നിധാനം പാതയിലുള്ള ക്യൂ കോംപ്ലക്സുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി മുൻപാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ സമിതി പരിശോധിക്കുകയും പോലീസ് നിർദ്ദേശിച്ച പ്രകാരമുള്ള ആധുനീകരണ സംവിധാനങ്ങൾ കൂടി ക്യൂ കോംപ്ലക്സുകളിൽ ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പമ്പയിൽ റസ്ക്യൂ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി വനംവകുപ്പിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇപ്രകാരം ഭൂമി ഏറ്റെടുത്തതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പമ്പയിൽ റെസ്ക്യൂ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖയും (DPR) അടങ്കലും (Cost estimate) തയ്യാറാക്കുന്നതിനുള്ള ചുമതല കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s SPACE ART എന്ന കമ്പനിക്കാണ് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി നൽകിയിരിക്കുന്നത്. പദ്ധതി രേഖയും അടങ്കലും ലഭിച്ചതിന് ശേഷം വനം- വന്യജീവി വകുപ്പിന്റെ പരിവേഷ് പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ മാത്രമേ വനം- വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കണമെന്ന വിവരം ലഭിക്കുകയുള്ളൂ. പരിവേഷ് പോർട്ടലിൽ വിവരങ്ങൾ നൽകുന്നതിനുള്ള നടപടിയും ടി കമ്പനിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ